വഴിവെളിച്ചം

# ജീവിതം വിനയാന്വിതം

عن أبي هُريرة رَضي اللّه عنه عَن النَّبيِّ ﷺ قال : ما بَعَثَ اللّهُ نبيًّا إلاّ رَعى الغنَم فقَالَ اَصْحَابُه : وَاَنْتَ ؟ فَقَالَ : نَعَم . كُنْتُ اَرْعَاهَا عَلَى قرَارِيط لِأهْلِ مَكَّة .

**അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം: നബി(സ) പറഞ്ഞു: അല്ലാഹു നിയോഗിച്ചയച്ച എല്ലാ പ്രവാചകന്മാരും ആടുകളെ മേച്ചിട്ടുണ്ട്. അനുചരന്മാർ ചോദിച്ചു: താങ്കളും? അവിടുന്നു പറഞ്ഞു: അതെ. മക്കാനിവാസികൾക്കുവേണ്ടി വളരെ തുഛമായ നാണയത്തിന് ഞാൻ ആടിനെ മേച്ചിരുന്നു (ബുഖാരി).**

**വിശ്വാസികളുടെ** വ്യക്തിത്വം രൂപപ്പെടുത്തുന്ന വിവിധയിനം പാഠശാലകൾ അല്ലാഹു ഭൂമിയിൽ നിശ്ചയിച്ചിട്ടുണ്ട്. അവിടെ നിന്നാണവർ സംസ്കൃതചിത്തരാവുകയും സ്വഭാവഗുണങ്ങൾ ആർജിച്ചെടുക്കുകയും ചെയ്യുന്നത്. അതിൽ ഏറ്റവും നല്ലൊരു പാഠശാലയാണ് പ്രവാചകന്മാർക്ക് നൽകപ്പെട്ട ആട്ടിടയ ജോലി. ഈ നബിവചനം വിശദീകരിച്ച് ഇമാം ഇബ്നു ഹജർ പറയുന്നു: "തങ്ങൾ ഏതൊരു സമൂഹത്തിലേക്കാണോ നിയോഗിക്കപ്പെടുന്നത് അവരോട് എങ്ങനെ പെരുമാറണം എന്ന പരിശീലനമാണ് ആടുമേക്കുന്നതിലൂടെ പ്രവാചകന്മാർക്ക് ലഭിക്കുന്നത്. അവയോടൊപ്പം ഇഴുകിച്ചേർന്ന് ജീവിക്കുമ്പോൾ സഹനം, അനുകമ്പ തുടങ്ങിയ ഗുണങ്ങൾ അവർ ആർജിക്കും. അവ മേയുന്ന സമയമത്രയും ക്ഷമിച്ചു കഴിയുക, മേയാൻ അവ കൂട്ടംമാറി അകന്നുപോയിട്ടുണ്ടെങ്കിൽ ഒരേസ്ഥലത്ത് വീണ്ടും ഒരുമിച്ചുകൂട്ടുക, ഒരിടത്ത് നിന്ന് മറ്റൊരിടത്തേക്ക് തെളിക്കുക, ഹിംസ്രജന്തുക്കളിൽനിന്നും മോഷ്ടാക്കളിൽനിന്നും സംരക്ഷണം നൽകുക, അവയുടെ സ്വഭാവ വ്യത്യാസം തിരിച്ചറിയുക, കഴിവുകളുടെ ഏറ്റക്കുറച്ചിൽ മനസ്സിലാക്കുക, മുട്ടന്മാരെ ഒതുക്കി ദുർബലരെ കാരുണ്യപൂർവം പരിപാലിക്കുക. ഇങ്ങനെ പല പരിജ്ഞാനങ്ങളും ആടുമേക്കുന്നതിലൂടെ ആർജിക്കാനാവും. സർവോപരി ദുർബലരോടുള്ള കാരുണ്യവും വിനയവും പഠിക്കാൻ ഇതിലപ്പുറം മറ്റൊരു പരിശീലനക്കളരി ആവശ്യമില്ല" (*ഫത്ഹുൽബാരി* 4/441).

മാനുഷികതയുടെ ഉയർന്ന വിതാനമാണ് വിനയം. വിശ്വാസിയുടെ മുഖമുദ്രയാണത്. ഇമാം ഹസനുൽ ബസ്വരി വിനയത്തെ വിശദീകരിക്കുന്നു. "വീട്ടിൽനിന്ന് പുറത്തിറങ്ങിയശേഷം വഴിയിൽ കാണുന്ന ഏതൊരാൾക്കും തന്നെക്കാൾ മഹത്വവും ശ്രേഷ്ഠതയുമുണ്ടെന്ന് അംഗീകരിക്കലാണ് വിനയം" (ഇഹ്യാ ഉലൂമിദ്ദീൻ 3/342). യൂനിവേഴ്സിറ്റി പ്രഫസർ, വിശ്രുത എഴുത്തുകാരൻ, കേമനായ ടിവി അവതാരകൻ, തന്ത്രമറിയുന്ന ബിസിനസുകാരൻ, തിളക്കമുള്ള രാഷ്ട്രീയക്കാരൻ - ഇതിൽ ഏതെങ്കിലുമൊരു സ്ഥാനത്തുള്ള ആളായിരിക്കും താങ്കൾ. അല്ലെങ്കിൽ ഇപ്പറഞ്ഞതിൽപെടാത്ത മറ്റു വല്ല പദവിയുമുള്ള വ്യക്തിത്വം. ആരുമാകട്ടെ വഴിയിൽ കണ്ടുമുട്ടുന്ന സഹോദരന്, അവൻ എത്ര നിസ്സാരനെന്ന് തോന്നിയാലും തന്നെക്കാൾ സ്ഥാനം നൽകലാണ് വിനയം. അധികമാളുകൾക്കും എത്തിച്ചേരാൻ കഴിയാത്ത സ്വഭാവമാണ് വിനയത്തിന്റെ ഈ ഉയർന്നതലം. സ്ഥാനമാനങ്ങളും പദവിയുമൊക്കെയുള്ള പലരുടെയും ധാരണ, മറ്റുള്ളവരൊന്നും ഒന്നിനും കൊള്ളില്ല എന്നായിരിക്കും.

ഇമാം ഇബ്നു ഇയാളിന്റെ നിർവചനം കാണുക: "കുട്ടിയിൽനിന്നോ അല്ലെങ്കിൽ ഏറ്റവും വിവരം കുറഞ്ഞവനെന്ന് കരുതപ്പെടുന്ന ആളിൽനിന്നോ ആയാൽ പോലും കേൾക്കുന്നതിൽ സത്യമുണ്ടെങ്കിൽ അത് അംഗീകരിക്കലാണ് വിനയം." തിന്മയുടെ വക്താവാണ് ന്യൂനത ചൂണ്ടിക്കാട്ടുന്നതെങ്കിലും, അത് സമ്മതിക്കാനും തിരുത്താനുമുള്ള ഹൃദയവിശാലത വേണം. അറിവുള്ളവനും പ്രബോധകനുമായ എന്നെ തിരുത്താൻ ഇയാളാര് എന്ന് നാം വിചാരിക്കരുത്. സ്വന്തം വൃത്തത്തിനു പുറത്തുള്ളവർക്കും സത്യം ചൂണ്ടിക്കാണിക്കാനും തിരുത്താനുമുള്ള അവകാശമുണ്ട്. മകൻ, ഭാര്യ, ബന്ധു തുടങ്ങിയ നമ്മോടൊപ്പം ജീവിക്കുന്നവരും സദുപദേശം നൽകിയാൽ, പറയുന്നത് ആര് എന്നതല്ല, പറയുന്നതിൽ സത്യമുണ്ടോ എന്നാണ് നോക്കേണ്ടത്.

ഭൗതികാനുഗ്രഹങ്ങളിൽ തന്നേക്കാൾ താഴേ തലത്തിലുള്ളവരുടെ മുമ്പിൽ സ്വയം ഇറങ്ങിനിന്ന് ജീവിക്കുകയാണ് വിനയത്തിന്റെ അന്തസ്സത്തയെന്ന് അബ്ദുല്ലാഹിബ്നു മുബാറക് പറഞ്ഞിട്ടുണ്ട്. സാമൂഹികവും സാമ്പത്തികവും മറ്റുമായ രംഗങ്ങളിൽ താൻ എത്രതന്നെ ഉയർന്നു നിന്നാലും താഴെക്കിടയിലുള്ളവരോട് കാരുണ്യം കാണിച്ചും അവർക്ക് സേവനം ചെയ്തും സാഹോദര്യം പുലർത്തിയുമാണ് വിശ്വാസി ജീവിക്കേണ്ടത്. രാവിലെയും വൈകിട്ടുമുള്ള പോക്കു വരവുകൾ അവർക്കൊപ്പമാക്കണം. അവരോട് സംസാരിച്ചും അവർക്ക് പറയാനുള്ളത് കേട്ടും, അവർക്കിടയിൽ ജീവിക്കുക. തനിക്ക് അവരേക്കാൾ ഒട്ടും പ്രാധാന്യമില്ലെന്ന് ജീവിതം കൊണ്ട് തെളിയിക്കുക. ഇതാണ് വിനയം. വിശ്വാസി വേറിട്ടുനിൽക്കുന്നുണ്ടെങ്കിൽ അത് ആദർശ സവിശേഷത കൊണ്ട് മാത്രമായിരിക്കണം. 'തഖ്‌വ' കൊണ്ടാണല്ലോ അന്ത്യദിനത്തിൽ ഏറ്റക്കുറച്ചിലുകൾ വിലയിരുത്തപ്പെടുക. "ദൈവത്തിന്റെ അടുക്കൽ നിങ്ങളിൽ ഏറ്റവും ആദരണീയൻ കൂടുതൽ 'തഖ്‌വ' ഉള്ളവനാകുന്നു" (*അൽഹുജുറാത്* 13).

എല്ലാവരോടും വേണ്ടതാണ് വിനയം. ആദർശ സഹോദരങ്ങളോട് അത് കൂടുതൽ പ്രകടമാവണം. "താങ്കളുടെ ചിറക് താങ്കളോടൊപ്പമുള്ള വിശ്വാസികൾക്ക് താഴ്ത്തിക്കൊടുക്കുക" (*അശ്ശുഅറാഅ്* 215). വിശ്വാസികളോട് വിനയമുള്ളവർ (*അൽമാഇദ* 54) എന്നാണ് മറ്റൊരിടത്തെ പ്രയോഗം. ■

(*അൽ മുജ്തമഅ്* വാരിക 2009 മെയ് 22)

**അബ്ദുൽ ഹമീദ് ബിലാലി**

* ഫത്ഹുൽബാരി വാല്യം നാലിൽ പേജ് 516ൽ 2262-ാം നമ്പറായി വന്ന ഹദീസാണിത്. ദീനാറിന്റെയോ ദിർഹമിന്റെയോ ഏറ്റവും ചെറിയ ഭാഗത്തിനാണ് 'ഖീറാത്' എന്നു പറയുന്നത്. അതിന്റെ ബഹുവചനമാണ് ഈ ഹദീസിൽ വന്ന 'ഖറാരീത്' എന്ന പദം.